# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 3487 — 24.06.2013-ൽ മറുപടിയ്ക്ക്

### വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് ബോധവത്ക്കരണ പരിപാടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, പി. എ. മാധവൻ<br>,, കെ. ശിവദാസൻ നായർ<br>,, ലൂഡി ലൂയിസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി ബോധവത്ക്കരണ പരിപാടികളും കർശന പരിശോധനയും നടത്തുന്നതിന് കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;<br>(ബി) ഏതെല്ലാം ഏജൻസികളെയും വകുപ്പുകളെയുമാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത് ;<br>(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) , (ബി) & (സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രാഫിക് മേഖലയിൽ വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് തീവ്രമായ വാഹന പരിശോധനയും മറ്റ് നടപടികളും പോലീസ് വകുപ്പ് കൈകൊണ്ട് വരുന്നു. ട്രാഫിക് മേഖലയിൽ പ്രവർത്തിയെടുത്ത് വരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ട്രാഫിക് നിയമങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള വിവിധ പരിശീലനങ്ങൾ കേരളത്തിനകത്തും പുറത്തും നൽകി വരുന്നു. സ്കൂൾ കുട്ടികൾക്കായി പ്രത്യേക ട്രാഫിക് ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെ ട്രാഫിക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്. ഇത് വളരെ അധികം പൊതുജന ശ്രദ്ധ നേടുകയും ചെയ്തിരുന്നു. കൂടുതൽ ഫലപ്രദമായ ട്രാഫിക് എൻഫോഴ്സ്മെന്റ് നടപ്പിലാക്കുന്നതിനായി വിവിധ ഫണ്ടുകൾ ഉപയോഗിച്ച് |

ആധുനിക ഇലക്ട്രോണിക്സ് ഉപകരണങ്ങളായ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, സ്പീഡ് റഡാറുകൾ, ഇന്റർസെപ്റ്ററുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സാമൂഹ്യക്ഷേമ വകുപ്പ്, പബ്ലിക് റിലേഷൻസ് വകുപ്പ് എന്നീ വകുപ്പുകളേയും കൂടി സഹകരിപ്പിച്ച് കൊണ്ടാണ് മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടത്തുന്നത്.

**സെക്ഷൻ ഓഫീസർ**